I/5605304/2023

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ.സി3/136/2019/ഐ&പിആർ തിരുവനന്തപുരം, തിയതി: 07-02-2023

താത്പര്യപത്രം ക്ഷണിക്കുന്നു

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളുടെ പരിഭാഷ, ലേ-ഔട്ട് എന്നിവ നിർവ്വഹിക്കുന്നതിന് പാനൽ രൂപീകരിക്കുന്നതിനായി താത്പര്യപത്രം ക്ഷണിക്കുന്നു.

I. പരിഭാഷ — ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക്

1.അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം/ബിരുദാനന്തര ബിരുദം
2.അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള മലയാളം ഭാഷയിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം അഭികാമ്യം
3.തർജ്ജിമയിലുള്ള ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സ് അഭികാമ്യം
4.ഇംഗ്ലീഷ് - മലയാളം പരിഭാഷയിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം
5.സമയബന്ധിതമായും ആശയം ചോരാതെയും പരിഭാഷ നിർവ്വഹിക്കാനുള്ള കഴിവ്
6.പത്രപ്രവർത്തന പരിചയം അഭികാമ്യം
7.തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ കോപ്പികൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

**നിരക്ക് വാക്കൊന്നിന് രേഖപ്പെടുത്തേണ്ടതാണ്.**

II. പരിഭാഷ — മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക്

1.അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം/ബിരുദാനന്തര ബിരുദം
2.അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഇംഗ്ലീഷ് ഭാഷയിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം അഭികാമ്യം.
3.മലയാളം- ഇംഗ്ലീഷ് പരിഭാഷയിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവർത്തിപരിചയം.
4.സമയബന്ധിതമായും ആശയം ചോരാതെയും പരിഭാഷ നിർവ്വഹിക്കുവാനുള്ള കഴിവ്
5.പത്രപ്രവർത്തന പരിചയം അഭികാമ്യം.
6.തർജ്ജിമയിലുള്ള ഡിപ്ലോമ /സർട്ടിഫിക്കറ്റ് കോഴ്സ് അഭികാമ്യം.
7.തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിച്ച് ലേഖനത്തിന്റെ കോപ്പികൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

**നിരക്ക് വാക്കൊന്നിന് രേഖപ്പെടുത്തേണ്ടതാണ്.**

III. ഡിസൈൻ/ലേ ഔട്ട് ആർട്ടിസ്റ്റ്

1.മാഗസിൻ ലേ ഔട്ട് ആർട്ടിസ്റ്റായി എട്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം പ്രമുഖ മാഗസിനുകളുടെ ലേ ഔട്ട് ആർട്ടിസ്റ്റായി ജോലി ചെയ്തിട്ടുള്ളവർക്ക് മുൻഗണന.
2. ലേ- ഔട്ട് രംഗത്തെ പുതിയ പ്രവണതകൾ അടുത്തറിയുന്നവരും പുതിയ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നിൽ പ്രാവീണ്യമുള്ളവരുമായിരിക്കണം.

I/5605304/2023

3. ബന്ധപ്പെട്ട മേഖലയിൽ ബിരുദം/ഡിപ്ലോമ അഭികാമ്യം

4. മാഗസിനു പുറമെ കോഫി ടേബിൾ ബുക്ക്, ലഘുലേഖകൾ, പുസ്തകങ്ങൾ, പോസറ്ററുകൾ, ഫോൾഡറുകൾ തുടങ്ങിയവയുടെ ലേ- ഔട്ടും നിർവ്വഹിക്കാൻ കഴിയണം.

5.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ എഡിറ്റോറിയൽ വിഭാഗത്തിൽ എത്തി സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കാൻ കഴിയുന്നവരായിരിക്കണം.

6. പാനലിൽ ഉൾപ്പെട്ട ശേഷം നിശ്ചിത സമയത്തിനകം ജോലി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ പാനലിൽ നിന്നും, ഭാവിയിൽ വകുപ്പിന്റെ എല്ലാ ജോലികളിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

താഴെപ്പറയുന്നവയുള്ള ലേ -ഔട്ട് നിരക്കുകൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

**മാഗസിൻ (ഉൾപേജ്/കവർ പേജ്)**

**കോഫീടേബിൾ ബുക്ക് (ഉൾപേജ്/കവർ പേജ്)**

**ലഘുലേഖകൾ (പേജ് )**

**പുസ്തകങ്ങൾ (പേജ് )**

**2 ഫോൾഡർ /3 Folder (ആകെ നിരക്ക്)**

**പോസ്റ്റർ (ആകെ നിരക്ക്)**

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 28/02/2023

Signed by
Subhash T V
Date: 07-02-2023 17:56:14

സുഭാഷ് ടി വി
ഡയറക്ടർ